പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 770** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി പ്രൊമോട്ടർമാരുടെ നിയമനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി വിഭാഗങ്ങൾക്കുള്ള വികസന പദ്ധതികൾ അവരിലേക്ക് എത്തിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്ന പ്രൊമോട്ടർമാരെ കോർപ്പറേഷൻ മേഖലയിൽ വിന്യസിക്കുന്നതിന് നയം രൂപീകരിച്ചിട്ടുണ്ടോ; പ്രൊമോട്ടർമാരുടെ നിയമനം സംബന്ധിച്ച മാർഗരേഖ വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പ്രധാന പ്രചാരകർ എന്ന നിലയിൽ പ്രവർത്തിയ്ക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ ഒന്നു വീതവും മുൻസിപ്പാലിറ്റികളിൽ മൂന്നുവീതവും കോർപ്പറേഷനുകളിൽ അഞ്ചു വീതവും എന്ന രീതിയിലാണ് പ്രൊമോട്ടർമാരെ തെരഞ്ഞെടുത്തു വരുന്നത് .

പ്രൊമോട്ടർ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നടപടികളുടെ ഭാഗമായി വകുപ്പ് തലത്തിൽ പത്രമാധ്യമങ്ങളിൽ വിജ്ഞാപനം പ്രസിദ്ധീകരിച്ച് ജില്ലാടിസ്ഥാനത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ മുഖേന അർഹരായവരിൽ നിന്നും അപേക്ഷ സ്വീകരിയ്ക്കുന്നു. ജില്ലാ പട്ടികജാതി വികസന ഓഫീസ്സർ . അസി.ജില്ലാ പട്ടികജാതി വികസന ഓഫീസ്സർ, വിഷയ വിദഗ്ദൻ എന്നിവരടങ്ങുന്ന സമിതി അപേക്ഷകരുമായി കൂടിക്കാഴ്ച നടത്തി തദ്ദേശസ്വയംഭരണസ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നും മുൻഗണനാക്രമത്തിൽ പ്രൊമോട്ടർ തെരഞ്ഞെടുപ്പ് നടത്തുന്നു.

നിയമന യോഗ്യതകൾ

i. പരിശീലനാർത്ഥികൾ പട്ടികജാതി വിഭാഗത്തിൽ നിന്നുള്ളവരായിരിയ്ക്കണം .

ii. കുറഞ്ഞ വിദ്യാഭ്യാസയോഗ്യത - പ്ലസ്ടു /തത്തുല്യം

iii. പ്രായപരിധി - 18 -40 വയസ്സ്

**പരിശീലന കാലാവധി**

പരമാവധി രണ്ട് വർഷം

ഒരു വർഷത്തെ പരിശീലനം തൃപ്തികരമാകുന്ന പക്ഷം ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസറുടെ ശുപാർശ പ്രകാരം ഒരു വർഷം കൂടി കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്.

**(ബി)** കോർപ്പറേഷൻ മേഖലയിൽ നിലവിൽ 20 വാർഡുകൾക്ക് ഒരു പട്ടികജാതി പ്രൊമോട്ടർ എന്ന നിലയിൽ വിന്യസിച്ചിരിക്കുന്നത് പ്രായോഗികമാണോ;പട്ടികജാതി വിഭാഗക്കാർ ധാരാളമുള്ള തിരുവനന്തപുരം പോലെയുള്ള കോർപ്പറേഷനുകളിൽ ഇത് അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**മറുപടി:** താരതമ്യേന വിസ്തൃതി കൂടിയതും പട്ടികജാതി വിഭാഗക്കാർ ധാരാളമുള്ളവയുമായ കോർപ്പറേഷനുകളിൽ പ്രൊമോട്ടർമാരുടെ എണ്ണം നിലവിൽ പരിമിതമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള 6 കോർപ്പറേഷനുകളിലും പ്രൊമോട്ടർമാരുടെ എണ്ണം ഉയർത്തുന്നതിനുള്ള പ്രൊപ്പോസ്സൽ സർക്കാർ പരിശോധിച്ചു വരുകയാണ്.

**(സി)** പട്ടികജാതി പ്രൊമോട്ടർമാരുടെ ഒഴിവുകൾ നികത്താത്തതു മൂലം പദ്ധതി നടത്തിപ്പിൽ വളരെയധികം പ്രയാസങ്ങൾ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി പ്രൊമോട്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** പട്ടികജാതി പ്രൊമോട്ടർമാരുടെ അഭാവം പദ്ധതി നടത്തിപ്പിൽ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പൂർണ്ണമായും ഒഴിവാക്കേണ്ടതിന്റെ അടിയന്തിര ആവശ്യകത പരിഗണിച്ച് പ്രൊമോട്ടർ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിജ്ഞാപനം പ്രസിദ്ധീ കരിയ്ക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**